തുക 4,40,47,287 (രൂപ നാലുകോടി നാൽപ്പത് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി എൺപത്തി ഏഴ് മാത്രം) ആണ്.

(സി & ഇ) പെൻഷൻ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**നോട്ടറി പബ്ലിക്കിന്റെ നിയമന മാനദണ്ഡങ്ങൾ**

**213 (5103)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് നോട്ടറി പബ്ലിക്കിനെ നിയമിക്കുന്നത് ;

(ബി) സംസ്ഥാനത്തെ അനുവദനീയമായ നോട്ടറി തസ്തികകൾ എത്രയാണ് ;

(സി) നിലവിൽ എത്ര നോട്ടറിമാരാണ് ഉള്ളത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നോട്ടറിമാരെ പുതുതായി നിയമിച്ചു ; അവരുടെ പേരും മറ്റ് വിശദാംശങ്ങളും നൽകുമോ ;

(ഇ) ഒരു നോട്ടറിയുടെ സേവന കാലാവധി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ?

ഉത്തരം

(എ) 1952-ലെ നോട്ടറീസ് ആക്ട് 1956-ലെ നോട്ടറീസ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന ഗവൺമെന്റിന്റെ വിവേചന അധികാരം ഉപയോഗിച്ചാണ് നോട്ടറി പബ്ലിക്കിനെ നിയമിക്കുന്നത്.

(ബി) സംസ്ഥാനത്ത് അനുവദനീയമായ നോട്ടറി തസ്തികകൾ 845 ആണ്.

(സി) 1-1-2010-ലെ കണക്കനുസരിച്ച് (25-1-2010-ലെ എസ്.ആർ.ഒ.67/2010) സംസ്ഥാനത്ത് 706 നോട്ടറിമാർ ഉണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നോട്ടറിമാർ ആരെയും നിയമിച്ചിട്ടില്ല.

(ഇ) ഒരു നോട്ടറിയുടെ സേവന കാലാവധി നിർണ്ണയിക്കുന്നത് 1952-ലെ നോട്ടറീസ് ആക്ട് അനുസൃതമായാണ്. പ്രസ്തുത ആക്ടിലെ 5-ാം വകുപ്പു പ്രകാരം 5 വർഷക്കാലയളവിലേക്ക് നിയമിക്കുന്ന നോട്ടറിയെ അപേക്ഷയിന്മേൽ സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് 5 വർഷ കാലങ്ങളിലേക്ക് പുതുക്കി നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly